**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1895** **11-10-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ? | (എ) | മാവേലിക്കര മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>i) താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങളും വികസനവും.<br>ii) പഴഞ്ചിറക്കുളം സ്വിമ്മിംഗ് പ്രാക്ടീസ് സെന്റർ, തഴക്കര ഗ്രാമപഞ്ചായത്ത്.<br>iii) ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം.<br>iv) തഴക്കര ഗ്രാമ പഞ്ചായത്ത് - ഇറവങ്കര സ്റ്റേഡിയം.<br>v) മാവേലിക്കരയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ.<br>vi) ഹെൽത്തി കിഡ്സ്<br>മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**1. താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങളും വികസനവും**

2019 - 20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 26.02.2021 ലെ സർക്കാർ ഉത്തരവ് പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതനുസരിച്ച് മേൽ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും കരാറുകാരനായ ബി & ഐ കൺസ്ട്രക്ഷനുമായി 04.03.2022 തീയതിയിൽ കാരാറിൽ ഏർപ്പെടുകയും പ്രവൃത്തി പുരോഗമിച്ചു വരികയുമാണ്.

90 m x 55 m വിസ്തീർണ്ണമുള്ള നാചറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, ചുറ്റുമതിൽ, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

52% പ്രവൃത്തി പൂർത്തീകരിച്ചു. ജിം കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, സ്റ്റെപ് ഗ്യാലറി പ്ലാസ്റ്ററിംഗ്, ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, എർത്ത് ഫില്ലിംഗ് എന്നിവ പൂർത്തീകരിച്ചു. ഡ്രെയിനേജ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ 90% പൂർത്തീകരിച്ചിട്ടുണ്ട്.

മഡ് ഫുട്ബോൾ ഗ്രൗണ്ട്, ബാക്കിയുള്ള എർത്ത് ഫില്ലിംഗ്, കെർബ്, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്.

04.05.2024 ൽ ബഹു. എം. എൽ. യുമായി നടന്ന മീറ്റിംഗിൽ നിലവിലുള്ള എഗ്രിമെന്റ് ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നാചറൽ ടർഫ് മാറ്റി മഡ് കോർട്ട് ആക്കാനും അതിനു മുകളിൽ കൊറിയൻ ഗ്രാസ് വെച്ചു പിടിപ്പിക്കാനും തീരുമാനം എടുത്തു. ഈ മാറ്റങ്ങൾ കരാറുകാരനെ രേഖാമൂലം അറിയിക്കുകയും പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**2. പഴഞ്ചിറക്കുളം സ്വിമ്മിംഗ് പ്രാക്ടീസ് സെന്റർ, തഴക്കര ഗ്രാമപഞ്ചായത്ത്**

തഴക്കര ഗ്രാമപഞ്ചായത്ത് പഴഞ്ചിറക്കുളം സ്വിമ്മിംഗ് പ്രാക്ടീസ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് 04.01.2023 ലെ സർക്കാർ ഉത്തരവ് പ്രകാരം 1 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നുത്. ടി പ്രവൃത്തിയ്ക്ക് 93.89 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും ഇ-ടെണ്ടർ ക്ഷണിച്ച് ശ്രീ. ഷിബുകുമാർ എസ് എസ്., തിരുവനന്തപുരം എന്ന കരാറുകാരറുകാരനുമായി 08.08.2024 തീയതിയിൽ 85.33 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.

ടി പദ്ധതിയിൽ 75 m x 70 m സൈസിലുള്ള കുളത്തിന്റെ വശങ്ങളിലുള്ള സംരക്ഷണ ഭിത്തിയുടെ പുനർ നിർമ്മാണം, കുളത്തിന്റെ അടിത്തട്ടിലുള്ള ചെളിമാറ്റി ആഴം കൂട്ടൽ, കുളത്തിന്റെ വശങ്ങളിൽ ഹാന്റ് റെയിൽ സ്ഥാപിക്കൽ, കുളത്തിലേക്ക് ഇറങ്ങുന്നതിനുള്ള പടവുകളുടെ നിർമ്മാണം, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ തുടങ്ങിയ ഘടകങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്.

23.08.2024 ന് സൈറ്റ് കരാറുകാരന് കൈമാറി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചുവെങ്കിലും മഴ കാരണം മന്ദഗതിയിലാണ് പുരോഗമിക്കുന്നത്.

**3. ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം**

2023 – 24 ബഡ്ജറ്റിൽ ഉൾപ്പെട്ട ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് 12.12.2023 ലെ സർക്കാർ ഉത്തരവ് പ്രകാരം 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 93.89 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിച്ച് ശ്രീ. എൻ. വിജയൻ, ആലപ്പുഴ എന്ന കരാറുകാരനുമായി 02.08.2024 തീയതിയിൽ 86.80 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.

ടി പദ്ധതിയിൽ പ്രധാനമായും മൾട്ടി പർപ്പസ് മഡ് കോർട്ട് (36 m x 55 m), റീറ്റെയിനിംഗ് വാൾ (154 m), സ്റ്റെപ്പ് ഗ്യാലറി (53 m), ഡ്രെയിനേജ്, ഫെൻസിംഗ്, നെയിംബോർഡ്, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്.

12.08.2024 ന് സൈറ്റ് കരാറുകാരന് കൈമാറി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചുവെങ്കിലും മഴ കാരണം മന്ദഗതിയിലാണ് പുരോഗമിക്കുന്നത്.

**4. തഴക്കര ഗ്രാമ പഞ്ചായത്ത് - ഇറവങ്കര സ്റ്റേഡിയം**

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട തഴക്കര ഗ്രാമ പഞ്ചായത്ത്-ഇറവങ്കര സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് ബഹു. മാവേലിക്കര നിയോജക മണ്ഡലം എം.എൽ.എ ശ്രീ. എം. എസ്. അരുൺകുമാർ അവർകളുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 11.01.2024 തീയ്യതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് പ്ലാൻഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. 89.94 ലക്ഷം രൂപയ്ക്ക് (GST ഉൾപ്പെടെ) സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിച്ച് ശ്രീ. എൻ. വിജയൻ, ആലപ്പുഴ എന്ന കരാറുകാരനുമായി 02.08.2024 തീയതിയിൽ 79.73 ലക്ഷം രൂപയ്ക്ക് (GST ഒഴികെ) കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.

ടി പദ്ധതിയിൽ പ്രധാനമായും മഡ് കോർട്ട് (32.5 m x 57.4 m), സ്റ്റെപ്പ് ഗ്യാലറി, ഓപ്പൺ ജിം, ഡ്രെയിനേജ്, ഫെൻസിംഗ്, അടുത്ത 3 വർഷത്തെ വാർഷിക പരിപാലനം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 6 മാസമാണ്.

12.08.2024 ന് സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചുവെങ്കിലും മഴ കാരണം മന്ദഗതിയിലാണ് പുരോഗമിക്കുന്നത്.

**5. മാവേലിക്കരയിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ**

1.17 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്ന മാവേലിക്കര സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുകയും 2024 ജൂലൈ 25 ന് ബഹു. കായിക വകുപ്പ് മന്ത്രി ഉദ്ഘാടനം നടത്തുകയും ചെയ്തു. ടി ഫിറ്റ്നസ്സ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**<u>ഹെൽത്തി കിഡ്സ്</u>**

പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ വർദ്ധിപ്പിക്കുവാനും കുട്ടികളുടെ കായികവും ഭൗതീകവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും കായിക യുവജന കാര്യാലയവും, വിദ്യാഭ്യാസ വകുപ്പും എസ്.സി.ഇ.ആർ.റ്റി യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന **ബൃഹത് പദ്ധതിയായ "ഹെൽത്തി കിഡ്സ്" ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജകമണ്ഡലത്തിലെ ഗവ. ന്യൂ എൽ പി എസ് -ലും നടപ്പിലാക്കുന്നുണ്ട്. പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാനകാര്യങ്ങളിലേക്ക് കുട്ടികളെ പരിചയപ്പെടുത്തി അതുവഴി അവരെ സ്പോർട്സിലും ഗെയിമുകളിലും പ്രത്യേക താത്പര്യമുള്ളവരാക്കി ആരോഗ്യമുള്ളതും ഉത്തരവാദിത്തമുള്ളതുമായ പൗരന്മാരുള്ള അടുത്ത തലമുറ സൃഷ്ടിക്കുകയാണ് ലക്ഷ്യം.**

**സെക്ഷൻ ഓഫീസർ**